## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 504

09.02.2016 ൽ മറുപടിയ്ക്ക്

# സഹകരണ റിസ്ക് ഫണ്ട് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.എം.എ. വാഹീദ്<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയിൽ സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ സഹകരണ മേഖലയിൽ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) വിവിധ വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാധ്യതയിൽ നിന്നും അവരെ ഒഴിവാക്കുക എന്നാതണ് കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയുടെ ലക്ഷ്യം. അതോടൊപ്പം ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗം മൂലം ഡയാലിസിസിന് വിധേയരായവർ, . ഹൃദയസംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ, അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ തുടങ്ങി വായ്പയെടുത്ത ശേഷം മാരകരോഗം പിടിപെട്ടവരുടെ വായ്പാ ബാധ്യതകൾ |

തീർക്കാൻ കഴിയാതെ വരുന്ന കേസുകളിൽ വായ്പാ മുതലിനത്തിൽ 75,000/- രൂപയുടെ ആനുകൂല്യം നൽകാനും പദ്ധതി ലക്ഷ്യമിടുന്നു.

| | |
|---|---|
| (സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) കേരള സഹകരണ നിയമത്തിൽ വകുപ്പ് 57 (ഡി) പ്രകാരം റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തുകയും ആയത് നടപ്പിലാക്കുന്നതിന് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് രൂപീകരിക്കുകയും ചെയ്തു. റിസ്ക് ഫണ്ട് പദ്ധതി 01.04.2008 മുതൽ പ്രാബല്യത്തിൽ വരുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. റിസ്ക് ഫണ്ട് പദ്ധതി ബാധകമായ സഹകരണ സംഘങ്ങൾ റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരേണ്ടതാണെന്നും റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരുന്നതിൽ വീഴ്ചയുണ്ടായാൽ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് വായ്പ നൽകാൻ അവകാശമുണ്ടായിരിക്കില്ലെന്നും, വായ്പ നൽകുന്നതിൽ നിന്നും പ്രസ്തുത സംഘങ്ങൾ/ ബാങ്കുകൾക്ക് വിലക്ക് കൽപ്പിച്ച് ഉത്തരവ് നൽകാൻ സഹകരണ സംഘം രജിസ്ട്രാർക്ക് അധികാരമുണ്ടെന്നും സഹകരണ നിയമത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തി. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി തൃശ്ശൂർ ജില്ലയിൽ ബോർഡിന് ഒരു മേഖലാ ഓഫീസ് തുടങ്ങിയിട്ടുണ്ട്. റിസ്ക് ഫണ്ട് പദ്ധതി സംബന്ധിച്ച് മാധ്യമങ്ങൾ മുഖേന പ്രചരണം നൽകിയിട്ടുണ്ട്. സ്കീം സംബന്ധിച്ചുള്ള വിവരങ്ങൾ എല്ലാ അംഗസംഘങ്ങൾക്കും സർക്കിൾ സഹകരണ യൂണിയനുകൾക്കും അയച്ചുകൊടുക്കുന്നത് ഉൾപ്പെടെ റിസ്ക് ഫണ്ട് പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ